അണ്ഡശേഖരങ്ങളുടെ എണ്ണത്തിന് ആനുപാതികമായി നഷ്ടപരിഹാര തുകയ്ക്ക് വ്യതിയാനം ഉണ്ടാകുന്നതാണ്. 25 അണ്ഡശേഖരങ്ങളിൽ താഴെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നില്ല.

കർഷകർക്കുള്ള ഇൻഷ്വറൻസ് പ്രീമിയം 31 രൂപയാണ്. മരണം സംഭവിച്ചാൽ 50,000 രൂപയും സ്ഥിരമായ അംഗവൈകല്യം സംഭവിച്ചാൽ 62,500 രൂപയുമാണ് നഷ്ട പരിഹാരത്തുക.

(ഡി) പ്രീമിയം തുകയുടെ 40% കേന്ദ്ര സിൽക്ക് ബോർഡും 40% സംസ്ഥാന സർക്കാരും 20% കർഷകനും നൽകണമെന്നതാണ് ഇതു സംബന്ധിച്ചുള്ള വ്യവസ്ഥ.

പട്ടണങ്ങളിലേയും നഗരങ്ങളിലേയും മലിനജലം മാലിന്യവിമുക്തമാക്കാനുള്ള പദ്ധതികൾ

*8 [308] പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടണങ്ങളിലേയും നഗരങ്ങളിലേയും മലിനജലം മാലിന്യവിമുക്തമാക്കാനുള്ള എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട്;

(ബി) സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷനുകളിലേയും മുനിസിപ്പാലിറ്റി കളിലേയും മലിനജലം എവിടേയ്ക്കാണ് ഒഴുക്കിക്കളയുന്നത്;

(സി) അവ ഒഴുക്കിക്കളയുന്നതിനുമുമ്പ് ട്രീറ്റ് ചെയ്ത് അതിലെ മാലിന്യം നീക്കംചെയ്യാറുണ്ടോ;

(ഡി) ഇതിന് ഗവൺമെന്റും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ) സംസ്ഥാനത്തെ പട്ടണങ്ങളിലേയും നഗരങ്ങളിലേയും മലിനജലം മാലിന്യവിമുക്തമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

(ബി) കേരളാ വാട്ടർ അതോറിറ്റിയുടെ സിവറേജ് സിസ്റ്റം നിലവിലുള്ള സ്ഥലങ്ങളിൽ അതിൽ കൂടി മലിനജലം നിർദ്ദിഷ്ട സ്ഥലങ്ങളിലേക്ക് ഒഴുക്കിവിടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) ബാധകമല്ല.

പിടിച്ചുപറിയും മോഷണവും തടയുന്നതിന് നടപടി

*9 [309] ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പിടിച്ചുപറിയും മോഷണവും വർദ്ധിച്ചുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിനും മോഷ്ടാക്കളെ അമർച്ച ചെയ്യുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

(സി) സംസ്ഥാനത്തെ കച്ചവട സ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ, വീടുകൾ, ബാങ്കുകൾ എന്നിവയിൽനിന്നും കോടിക്കണക്കിന് രൂപയുടെ സാധനങ്ങൾ മോഷ്ടിക്കപ്പെട്ടത് സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) ഇതിനായി പോലീസിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) സംസ്ഥാനത്ത് പിടിച്ചുപറിയും മോഷണവും വർദ്ധിച്ചുവരുന്നതായി സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നില്ല.

(ബി) മോഷണവും പിടിച്ചുപറിയും അമർച്ചചെയ്യുന്നതിന് പകലും, രാത്രിയിലും ശക്തമായ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഫ്ളയിംഗ് സ്കാഡുകൾ, ഹൈവേ പട്രോൾ എന്നിവയുടെ സേവനവും ഇതിനായി പ്രയോജനപ്പെടുത്തിവരുന്നു. കൂടാതെ ഇത്തരം കേസുകളിൽ ശിക്ഷ അനുഭവിച്ചിട്ടുള്ളവരെ നിരീക്ഷിച്ചും, പ്രധാന ബസ് സ്റ്റാന്റുകളിലും കവലകളിലും മഫ്ടി പോലീസിനെ നിയോഗിച്ചും നടപടി സ്വീകരിച്ചുവരുന്നു. മുൻ ശിക്ഷക്കാർക്കെതിരെ സി. ആർ. പി. സി.-യിലെ വകുപ്പുകൾ അനുസരിച്ച് സെക്യൂരിറ്റി പ്രൊസീഡിംഗ്സ് എടുക്കുന്നുണ്ട്. തിരുവനന്തപുരം സിറ്റിയിൽ കേസന്വേഷണത്തിനുവേണ്ടി മാത്രം എല്ലാ സ്റ്റേഷനിലും ഓരോ എസ്. ഐ.-മാരെ പ്രത്യേകം നിയോഗിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly